ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 06.12.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. റഷ്യൻ പ്രസിഡന്റ് വ്ലാഡിമിൻ പുടിന്റെ ഡൽഹി സന്ദർശനത്തെ തുടർന്ന് ഇന്ത്യയും റഷ്യയും തമ്മിൽ ഒപ്പിട്ടത് പത്തോളം കരാറുകളിലും എട്ടോളം ധാരണാപത്രങ്ങളിലും. നിരവധി മേഖലകളിൽ സഹകരണം ശക്തമാക്കും.

   Following Russian President Vladimir Putin's visit to Delhi, India and Russia signed about ten agreements and eight MoUs. Cooperation will be strengthened in many areas

2. ഇന്ത്യൻ ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറിന് മഹാപരിനിർവാൺ ദിവസിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രം.

   The nation paid tribute to the architect of the Constitution, Dr. B.R. Ambedkar, on his Mahaparinirvan Diwas

3. നികുതി സംവിധാനം ലളിതമാക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തിവരുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ.

   Central government is making efforts to simplify the tax system-Union Finance Minister Nirmala Sitharaman

4. **കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള ആദ്യഘട്ട പോളിങ്ങിന് മുന്നോടിയായുള്ള പരസ്യപ്രചാരണത്തിന് നാളെ കൊട്ടിക്കലാശം; ഏഴ് ജില്ലകളിൽ ചൊവ്വാഴ്ച വോട്ടെടുപ്പ്.**

   **In Kerala, the campaign for the first phase of polling end tomorrow; polling in seven districts on Tuesday.**

5. **സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള സമയപരിധി ഡിസംബർ 18 വരെ നീട്ടി തിരഞ്ഞെടുപ്പ് കമ്മീഷൻ.**

   **The Election Commission has extended the deadline for revising the active voters' list in the state to December 18.**

6. **ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ഫൈനൽ മത്സരം ഇന്ന് ഉച്ചയ്ക്ക് വിശാഖപട്ടണത്ത്.**

   **The final match of the India-South Africa ODI cricket series will be played in Visakhapatnam this aftern**

********************************

## INDIA-RUSSIA AGREEMENT

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിൻ പുടിന്റെ ഡൽഹി സന്ദർശനത്തെ തുടർന്ന് ഇന്ത്യയും റഷ്യയും തമ്മിൽ ഒപ്പിട്ടത് പത്തോളം കരാറുകളിലും എട്ടോളം ധാരണാപത്രങ്ങളിലും. സാമ്പത്തിക സഹകരണത്തിന്റെ തന്ത്രപരമായ മേഖലകൾ വിപുലീകരിക്കുന്നതാണ് ഇതിൽ പ്രധാനം. ആരോഗ്യ സംരക്ഷണം, മെഡിക്കൽ വിദ്യാഭ്യാസം, ശാസ്ത്രം എന്നീ മേഖലകളിലെ സഹകരണവും ശക്തമാക്കും. സമുദ്ര സഹകരണവും ധ്രുവ ജലമേഖലയിലെ പ്രവർത്തനങ്ങളും വിപുലീകരിക്കും. ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിൽ ചേരുന്നതിനുള്ള ചട്ടക്കൂട് സംബന്ധിച്ച കരാർ അംഗീകരിക്കാൻ റഷ്യ തീരുമാനിച്ചു. പ്രസാർ ഭാരതിയും റഷ്യയിലെ ഗാസ്പ്രോം-മീഡിയ ഹോൾഡിംഗും

തമ്മിൽ സംപ്രേക്ഷണ രംഗത്ത് സഹകരിച്ച് പ്രവർത്തിക്കും.നിയമവിരുദ്ധ കുടിയേറ്റം ചെറുക്കുന്നതിൽ ഇരുരാജ്യങ്ങളും സഹകരിച്ച് പ്രവർത്തിക്കാനും ധാരണയായി.

*******************************

## PUTIN - DEPARTURE

ഇന്ത്യാ സന്ദർശനം പൂർത്തിയാക്കി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ റഷ്യയിലേക്ക് തിരിച്ചു. വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്നലെ രാത്രി വിമാനത്താവളത്തിൽ അദ്ദേഹത്തിന് യാത്രയയപ്പ് നൽകി. മടക്കയാത്രക്ക് മുമ്പ് പുടിൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കൊപ്പം സംയുക്ത വാർത്താസമ്മേളനവും നടത്തി. 2026-ൽ നടക്കുന്ന 24-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിക്കായി പ്രധാനമന്ത്രി നരേന്ദ്ര മോദിയെ റഷ്യൻ പ്രസിഡന്റ് ക്ഷണിച്ചു. ഇന്ത്യ-റഷ്യ സൗഹൃദം ആഗോള വെല്ലുവിളികളെ നേരിടാനുള്ള ശക്തി നൽകുമെന്നു പ്രധാനമന്ത്രി പറഞ്ഞു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും റഷ്യയും ഒരുമിച്ച് നിൽക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

*******************************

## VP- GUJARAT

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ഗുജറാത്ത് സന്ദർശിക്കും. ഗുജറാത്തിലെ ഏകതാ നഗറിൽ നടക്കുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും.

*******************************

## SITHARAMAN- LEADERSHIP SUMMIT

നികുതി സംവിധാനം ലളിതമാക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തിവരുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. ന്യൂഡൽഹിയിൽ ഒരു സ്വകാര്യ മാധ്യമം സംഘടിപ്പിച്ച

നേതൃത്വ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. ആദായനികുതി സ്ലാബുകൾ കൂടുതൽ ലളിതവും സുതാര്യവും ആക്കേണ്ടതിന്റെ ആവശ്യകത ധനമന്ത്രി എടുത്തുപറഞ്ഞു.

*******************************

## MAHAPARINIRVAN DIWAS (INTRO)

ഭരണഘടനാ ശില്പിയും സാമൂഹിക പരിഷ്കർത്താവും, നിയമജ്ഞനുമായ ബാബാസാഹേബ് ഡോ. ബി.ആർ. അംബേദ്കറുടെ സ്മരണാർത്ഥം രാജ്യം ഇന്ന് 70-ാമത് മഹാപരിനിർവാൻ ദിവസ് ആചാരിക്കുന്നു. അദ്ദേഹത്തിന്റെ ചരമവാർഷിക ത്തോടനുബന്ധിച്ചാണ് മഹാപരിനിർവാൺ ദിവസ് ആചരിക്കുന്നത്. **വിശദാംശങ്ങളിലേക്ക്.........**

**(വോയ്സ്)**

## MAHAPARINIRVAN DIWAS (V.O)

മഹാപരിനിർവാൺ ദിവസിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, സ്പീക്കർ ഓം ബിർള, ഉൾപ്പെടെയുള്ളവർ പാർലമെൻറ് സമുച്ചയത്തിലെ അംബേദ്കർ പ്രതിമയ്ക്ക് മുന്നിൽ പുഷ്പാർച്ചന നടത്തി. ബാബാസാഹേബിന്റെ ദീർഘവീക്ഷണമുള്ള നേതൃത്വവും നീതി, സമത്വം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയോടുള്ള അചഞ്ചലമായ പ്രതിബദ്ധത എല്ലാക്കാലത്തും ഇന്ത്യയെ നയിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ജനങ്ങളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടുത്താനും അദ്ദേഹം തലമുറകളെ പ്രചോദിപ്പിച്ചുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. പാർലമെന്റ് പരിസരത്തെ അദ്ദേഹത്തിന്റെ പ്രതിമയിൽ പുഷ്പാർച്ച നടത്താൻ പൊതുജനങ്ങൾക്കും സൗകര്യമുണ്ട്. **ന്യൂസ് ഡസ്ക്, ആകാശവാണി**

*******************************

## AMIT SHAH – CONSULTATIVE COMMITTEE

ഗുജറാത്തിലെ ബനാസ് ഡയറിയിൽ നടക്കുന്ന സഹകരണ മന്ത്രാലയത്തിന്റെ പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ മൂന്നാമത്തെ യോഗത്തിൽ ഇന്ന് കേന്ദ്ര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. മൂന്ന് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിനെത്തിയ കേന്ദ്ര മന്ത്രി സനദറിലെ ബനാസ് ഡയറിയുടെ ബയോ-സിഎൻജി, രാസ വള പ്ലാന്റ് എന്നിവ ഉദ്ഘാടനം ചെയ്യും. സനദറിൽ നടക്കുന്ന പൊതുയോഗ ത്തെയും കേന്ദ്ര മന്ത്രി അഭിസംബോധന ചെയ്യും.

********************************

## SIR – EXTENDED

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള സമയപരിധി നീട്ടി തിരഞ്ഞെടുപ്പ് കമ്മീഷൻ. എന്യുമറേഷൻ ഫോം ഡിസംബർ 18 വരെ സ്വീകരിക്കുമെന്ന് കമ്മീഷൻ അറിയിച്ചു. ഒരാഴ്ച നീട്ടണമെന്ന സർക്കാർ ആവശ്യം അംഗീകരിച്ചാണ് കമ്മീഷന്റെ തീരുമാനം. കരട് പട്ടിക ഈ മാസം 23 നും അന്തിമ പട്ടിക 2026 ഫെബ്രുവരി 21നും പ്രസിദ്ധീകരിക്കും. അതേസമയം ഫോമുകൾ ഇനിയും മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം പൂരിപ്പിച്ച് ബിഎൽ ഒ മാരെ ഏല്പിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അഭ്യർത്ഥിച്ചു.

********************************

## SIR MEETING

എന്യുമറേഷൻ ഫോമുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംബന്ധിച്ച പരസ്യം അടുത്ത ദിവസം നൽകുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.എസ് ഐ ആറുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം .പോളിംഗ് കഴിഞ്ഞും ഫോമുകൾ പരിശോധിക്കാൻ BLO- BLA യോഗങ്ങൾ നടത്താൻ

കഴിയണം.എന്യൂമറേഷൻ ഫോം ഈ മാസം 18 വരെ സ്വീകരിക്കുമെന്നും രത്തൻ യു. കേൽക്കർ അറിയിച്ചു.

********************************

## CRAFTMANSHIP AWARD

2023, 2024 വർഷങ്ങളിലെ വിശിഷ്ട കരകൗശല വിദഗ്ധരെ ആദരിക്കുന്നതിനായി കരകൗശല അവാർഡുകൾ പ്രഖ്യാപിച്ച് കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം. അവാർഡ് ദാന ചടങ്ങ് ചൊവ്വാഴ്ച ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടക്കും. ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. കേരളത്തിൽ നിന്ന് തിരുവനന്തപുരം സ്വദേശികളായ മൂന്ന് പേർ പുരസ്കാരത്തിന് അർഹരായി. വൈക്കോൽ ചിത്രരചനാ രംഗത്ത് മികവ് തെളിയിച്ച ബി രാധാകൃഷ്ണപിള്ള 2023ലെ ദേശീയ പുരസ്കാരത്തിനും, വൈക്കോൽ കരകൗശല വിഭാഗത്തിൽ കെ സുലൈമാൻ കുട്ടി, ടെറാക്കോട്ട ശിൽപരംഗത്തെ മികവിന് വി കെ ജയൻ എന്നിവർ 2024ലെ ദേശീയ പുരസ്കാരത്തിനും അർഹരായി.

********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

********************************

## EARTH SUMMIT 2025 (INTRO)

ഗാന്ധിനഗറിൽ നടന്ന എർത്ത് സമ്മിറ്റ് 2025 കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. ഇതോടൊപ്പം 'സഹകർ സാരഥി' സംരംഭത്തിന് കീഴിൽ പുതിയ 13 ലധികം പുതിയ സേവനങ്ങളും ഉൽപ്പന്നങ്ങളും ആരംഭിക്കുകയും ചെയ്തു. ഗ്രാമീണ സമ്പദ്വ്യവസ്ഥയുമായി ബന്ധപ്പെട്ട നാല്

മന്ത്രാലയങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾക്ക് ഉച്ചകോടിയുടെ ഭാഗമായി നടക്കുന്ന ചർച്ചകളിലൂടെ പരിഹാരം കാണുമെന്നും അടുത്ത വർഷം ഡൽഹിയിൽ നടക്കുന്ന മൂന്നാമത്തെ യോഗത്തിൽ ഇത് സംബന്ധിച്ച നയപരമായ ചട്ടക്കൂട് രൂപീകരിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്)

*******************************

## ELECTION KERALA

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പു നടക്കുന്ന ഏഴു ജില്ലകളിൽ നാളെ വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് പരസ്യപ്രചാരണം അവസാനിക്കുന്നത്. പരസ്യപ്രചാരണം അവസാനിക്കുന്ന സമയത്ത് രാഷ്ട്രീയപാർട്ടികൾ നടത്തുന്ന കൊട്ടിക്കലാശം പോലുള്ള പരിപാടികൾ സമാധാനപരമായിരി ക്കണമെന്നും, ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദേശിച്ചു.

*******************************

## CRICKET ODI

ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ഫൈനൽ മത്സരം ഇന്ന് ഉച്ചയ്ക്ക് 1.30ന് വിശാഖപട്ടണത്ത്. ഓരോ മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്. ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പര ഈ മാസം 9ന് ആരംഭിക്കും.

*******************************

## HOCKEY MENS JUNIOR WORLD CUP

എഫ്ഐഎച്ച് പുരുഷ ജൂനിയർ ഹോക്കി ലോകകപ്പിൽ ഞായറാഴ്ച നടക്കുന്ന സെമിഫൈനലിൽ ഇന്ത്യ ജർമ്മനിയെ നേരിടും. ചെന്നൈയിൽ ഇന്നലെ നടന്ന ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി ഫൈനൽ പ്രവേശനം.

*******************************

## INDIGO FLIGHT

ഇൻഡിഗോ വിമാനങ്ങളുടെ പ്രവർത്തന തടസ്സങ്ങൾക്ക് കാരണമായ സാഹചര്യങ്ങൾ സമഗ്രമായി അവലോകനം ചെയ്യുന്നതിനായി സർക്കാർ നാലംഗ സമിതി രൂപീകരിച്ചു. 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവർത്തന തടസ്സങ്ങൾക്കുള്ള അടിസ്ഥാന കാരണങ്ങൾ സമിതി പരിശോധിക്കുമെന്ന് ഡിജിസിഎ പ്രസ്താവനയിൽ പറഞ്ഞു.

*******************************

## DELHI AIRPORT-ADVISORY

ഡൽഹി വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ സാധാരണനിലയിലേക്ക് വരുന്നതായി വിമാനത്താവള അധികൃതർ അറിയിച്ചു. അതേസമയം, ചില ഇൻഡിഗോ വിമാനങ്ങൾക്ക് നിയന്ത്രണമുള്ളതായി എയർപോർട്ട് അതോറിറ്റി യാത്രക്കാരെ അറിയിച്ചു. അസൗകര്യം ഒഴിവാക്കാൻ വിമാനത്താവളത്തിലേക്ക് പുറപ്പെടുന്നതിന് മുമ്പ് എയർലൈനുമായി ബന്ധപ്പെടണമെന്ന് യാത്രക്കാർക്ക് നിർദേശമുണ്ട്. ഏറ്റവും പുതിയ ഫ്ലൈറ്റ് സ്റ്റാറ്റസിനായി www.newdelhiairport.in എന്ന ഔദ്യോഗിക വെബ്സൈറ്റ് പരിശോധിക്കണം.

*******************************

## RAHUL MAMKOOTATHIL-HC

രാഹുൽ മാങ്കൂട്ടത്തിൽ MLA യുടെ അറസ്റ്റ് ഹൈക്കോടതി തടഞ്ഞു. മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നതിനിടെ മാംകൂട്ടത്തിലിനെ അറസ്റ്റ് ചെയ്യാൻ കഴിയില്ലെന്ന് ജസ്റ്റിസ് കെ. ബാബു വ്യക്തമാക്കി. മുൻകൂർ ജാമ്യാപേക്ഷ ഈ മാസം 15 ന് പരിഗണിക്കും .

*********************************************************************************************************
********